## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 810 — 14.01.2021-ൽ മറുപടിക്ക്

### പട്ടികവർഗ്ഗകുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . കെ. സി. ജോസഫ് : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമായ പട്ടികവർഗ്ഗ വിഭാഗക്കാരെ സമൂഹത്തിന്റെ മുൻനിര യിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | എ) | മറുപടി അനുബന്ധം – 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| ബി) | പട്ടികവർഗ്ഗ വിഭാഗത്തിന് സർക്കാർ ജോലി ഉറപ്പ് വരുത്തുന്നതിന് ഇതിനകം ഏതൊക്കെ വകുപ്പകളിലാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഈ സർക്കാർ നടപ്പി ലാക്കിയത്; ഇതിലൂടെ എത്ര പേർക്ക് നിയമനം നൽകി; | ബി) | സർക്കാർ സർവ്വീസിൽ പട്ടിക ജാതി/പട്ടിക വർഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി 89 വകുപ്പകളിലെ എസ്.സി/എസ്.റ്റി പ്രാതിനിധ്യം വാർഷിക അവലോകനം ചെയ്യുകയും അതിൻ പ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കിയതിലൂടെ 572 പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ട്. മേൽ വകുപ്പകളുടെ വിശദാംശം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. |
| സി) | കൂടുതൽ വകുപ്പകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടപ്പിലാക്കി പട്ടികവിഭാഗ ക്കാർക്ക് അർഹതപ്പെട്ട സർക്കാർ നിയമനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും ജോലി എന്ന സർക്കാർ പ്രഖ്യാപനം ഇനിയും പ്രാവർത്തികമാക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| ഇ) | ഇവർക്കായി നടപ്പിലാക്കുന്ന നൈപുണ്യ വികസനത്തിനായുള്ള കോഴ്സുകൾ ഏതൊക്കെയാണ്; അതിലൂടെ കൂടുതൽ പേർക്ക് തൊഴിലവസരം സാധ്യമാകുന്നുണ്ടോ? | ഇ) | കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധം - 3 ആയി ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം-1



ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാവക്കാരെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1. <u>സാമൂഹിക പഠനമുറി</u>

പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിന് 500 പഠന മുറികൾ സജ്ജീകരിക്കുന്നതിന് ലക്ഷ്യ വെയ്ക്കുകയും ആയതിൽ 250 പഠനമുറികൾ ഇന്റർനെറ്റ് ഉൾപ്പെടെയുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തീകരിച്ച് ഊരുകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 250 പട്ടികവർഗ്ഗ യുവതി യുവാക്കളെ തെരഞ്ഞെടുത്ത് ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രവർത്തനക്ഷമ മായിട്ടുണ്ട്. ഷേശിക്കുന്ന 250 പഠന മുറികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2. <u>ഗോത്രബന്ധു-</u>

സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിച്ച് കൊഴിഞ്ഞ്പോക്ക് കുറയ്ക്കുന്നതിനും കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4 ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട അഭ്യസ്ത വിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./.ബി.എഡ്/ഡി.എഡ് പാസ്സായ അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ 21,900/- രൂപ ഹോണറേറിയത്തിൽ അധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി"

2016-17 വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 പേരെയും അട്ടപ്പാടിയിൽ 26 പേരയും ഉൾപ്പെടുത്തി 267 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറത്തും അട്ടപ്പാടി ഒഴികെയുള്ള പാലക്കാട് ജില്ലയിലുമായി 59 മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

3. <u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>

*എ)കോളനികളുടെ സമഗ്ര വികസനം.*

2017 - 18 വർഷം 94 കോളനികളും 2020-21 വർഷം 62 കോളനികളും ഈ പദ്ധതിയിൽ തെരഞ്ഞെടുത്തു. ആകെ 156 കോളനികളിൽ 4 എണ്ണം പൂർത്തീകരിച്ചു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതുവരെ 31.94 കോടി രൂപ ടി പദ്ധതിയ്ക്കായി ചെലവഴിച്ചു.

ബി) *<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി</u>*

## ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെകേരളത്തിലെ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടിലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശ സ്വയംഭരണവകുപ്പ്, പട്ടികവർഗ്ഗവികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക. കേരള ട്രൈബൽ പ്ലസ് എന്ന പദ്ധതിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 32.33 കോടി രൂപ ചെലവഴിച്ച് 100 ദിവസം വരെ 57521 പേർക്കും 100 ദിവസത്തിന് മുകളിൽ 46910 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും തൊഴിൽ ലഭിച്ചു.

കൂടാതെ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആഴ്ചയിരൊക്കൽ വേതനം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ടായി പട്ടിക വർഗ വികസന വകുപ്പ് 11.13 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ച് നൽകിയി ട്ടുണ്ട്. ഇതിൽ അട്ടപ്പാടി, വയാനാട്, ആറളം (കണ്ണൂർ) എന്നീ പ്രദേശങ്ങളിൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്നു.

## സി) പി.കെ.കാളൻ കുടുംബ സഹായ പദ്ധതി

പട്ടികവർഗ്ഗ മേഖലകളിൽ ഒറ്റപ്പെട്ട്/ചിന്നിചിതറി താമസിക്കുന്ന കുടുംബങ്ങളെ കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ പദ്ധതിയിലൂടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

പി.കെ.കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾ സർക്കാരിന്റെ അംഗീകാരം ലഭിച്ചു. അത് പ്രകാരം ടി തുക കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ചു നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിചിതറി താമസി ക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപ സംസ്ഥാന കുടുംബശ്രീ മിഷനു അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിക്കുന്നു.

## 4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി *"ഗോത്രവാൽസല്യ നിധി"* എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പട്ടികവർഗ്ഗ വികസന വകു പ്പും, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ചേർന്നാണ് പട്ടിക വർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് മുൻതൂക്കം നൽകി ഒരു പെൺകു ട്ടിക്ക് ആകെ 1,38,000/- രൂപ 4 ഗഡുക്കളായി കുട്ടിയുടെ ജനനം മുതൽ കുട്ടിക്കു 18 വയസ്സാകുന്നതുവരെയുള്ള കാലയളവിൽ പെൺകുട്ടിയുടെ പേരിൽ എൽ. ഐ. സി. യിൽ നിക്ഷേപിക്കുന്നു.

ടി പദ്ധതിയിൽ നാളിതുവരെയായി 8.15 കോടി രൂപ വിനിയോഗിച്ച് 2088 പട്ടികവർഗ പെൺകുട്ടികളെ സർക്കാർ ഉത്തരവിലെ മാനദണ്ഡ പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്.

## 5. KIIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

തത്സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ - 5 കോടി.
അച്ചൻകോവിൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ 24/09/2018 - ന് ആരംഭിച്ചു.

2. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ -3.91 കോടി
നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. സംരക്ഷണ ഭിത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

3. പ്രീമെട്രിക് ഹോസ്റ്റൽ, അരുവിളാംചാൽ -3.63 കോടി

4. പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ - 4.2 കോടി

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പ്രീമെട്രിക് ഹോസ്റ്റലിന്റെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

5. പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക - 4.7 കോടി
ബേഡടുക്ക പ്രീമെട്രിക് ഹോസ്റ്റലിന്റെയും ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

6. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം -5 കോടി
നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും 8/11/2018 - ന് കൂടിയ ടെണ്ടർ കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞ നിരക്കിലെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. .നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

7. ഹോസ്റ്റൽ കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാടുകാണി - 3.42 കോടി
നാടുകാണി വോക്കേഷണൽ ട്രെയിനിംഗ് സെന്ററിന് പുതിയ ഹോസ്റ്റൽ നിർമ്മാണ ത്തിനായി കുഴൽ കിണർ നിർമ്മിച്ചു വരുന്നു.

8. അക്കാഡമിക് ബ്ലോക്ക് കെട്ടിടം-വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാടുകാണി) - 4.03 കോടി
നാടുകാണി വോക്കേഷണൽ ട്രെയിനിംഗ് സെന്ററിന് അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി പഴയ ക്വാർട്ടേഴ്സ് പൊളിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

9. യൂത്ത് ഹോസ്റ്റൽ, പാലോട് -3.14 കോടി
പാലോട് യൂത്ത് ഹോസ്റ്റൽ , പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ എന്നിവയുടെ ഡി.പി.ആർ തയ്യാറാക്കുവാനുണ്ട്.

10. എം.ആർ.എസ്, ആറളം, കണ്ണൂർ -18.60 കോടി
എം.ആർ.എസ് ആറളം നിർമ്മാണ പ്രവൃത്തിയ്ക്ക് ബിൽഡിംഗ് പെർമിറ്റ് ലഭ്യമാകാനുണ്ട്. നിർമ്മാണ ഏജൻസി കരാറുകാരുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്.

## 6. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

ആധുനിക വൈദ്യ സഹായം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടർ, പാരാമെഡിക്കൽ സേവനം ഉൾപ്പെടെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ

പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ച വാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ദ പരിശോധ സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്ന തിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത്. . മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാ വിധികൾ നിശ്ചയിച്ച് മരുന്ന് നൽകു ന്നതും വിദഗ്ദ ചികിത്സ ആവശ്യമായവർക്ക് താലൂക്ക് ജില്ലാ ആശുപത്രികൾ വഴി ചികിത്സ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 714.08 ലക്ഷം രൂപ ചെലവഴിച്ച് 3,86,905 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

കൂടതെ കോവിഡ് 19 - ന്റെ പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ മെഡിക്കൽ ക്ലിനുക്കുകൾ മുഖേന കോവിഡ് 19-ന്റെ ചികിത്സയും പ്രതിരോധ നടപടികളും ശ്ക്തിപ്പെടുത്തുന്നതിനായി 2020-21 വർഷം 528.66 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

7. **ഗോത്രജീവിക :-**

ഗോത്ര ജീവിക പരിപാടിയിൽ നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട പ്രവൃത്തികളായ നിർമ്മാണ പ്രവൃത്തികൾ, പ്ലംബിംഗ്, വൈദ്യുതീകരണം, മരപ്പണി തുടങ്ങിയവയിൽ ഇതുവരെ 1170 പട്ടികവർഗ്ഗ യുവാക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് പരിശീലനം നൽകി 54 സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെയും മറ്റുള്ളവരുടെയും വീടുകൾ ഏറ്റെടുത്ത് നിർമ്മിച്ചു വരുന്നു.. സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു പുറമെ ഈ പരിപാടിയിലൂടെ ഗോത്രവർഗ്ഗ ഭവന നിർമ്മാണത്തിനുള്ള ഇടനിലക്കാരെ ഒഴിവാക്കുന്നതിന് സാധിക്കുന്നു.

2021-22 വർഷത്തിൽ പദ്ധതിയുടെ രണ്ടാംഘട്ടമായി 1050 പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകി പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ടി പദ്ധതിയിലൂടെ 733 ലക്ഷം രൂപ ചെലവഴിച്ച് 2220 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചുവരുന്നു.

8. **സമഗ്ര-ആദിവാസി സാക്ഷരത പരിപാടി**

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷ ണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന വകുപ്പ് നട പ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ആദിവാസി സാക്ഷരതാപദ്ധതി..

ടി പദ്ധതിയ്ക്കായി സാക്ഷരതാ മിഷൻ മുഖേന 370 ലക്ഷം രൂപ ചെലവഴിച്ച് 1996 പേർ സാക്ഷരത കൈവരിക്കുകയുണ്ടായി. നാലാം തരം തുല്യതാ പരീക്ഷയിൽ 849 പേരും ഏഴാംതരം തുല്യതാ പരീക്ഷയിൽ 106 പേരും വിജയിച്ചു. ടി പദ്ധതിയിൽ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 100 സമഗ്ര പ്രേരക്മാരെ നിയമിച്ചിട്ടുണ്ട്.

9. **ഗോത്ര രശ്മി- സാമൂഹിക ശാക്തീകരണ പരിപാടി.**

പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി

ഇടുക്കി ജില്ലയിലെ മുതുവാൻ, മന്നാൻ, ഊരാളി, പളിയ, ഹിൽപുലയ എന്നീ സമുദായങ്ങളിൽ നിന്നും 50 പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി പട്ടികവർഗ്ഗ വിഭാഗങ്ങളെ നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തീരുമാനമെടുക്കൽ പ്രക്രിയകളിലേക്കും വിവിധ പട്ടികവർഗ്ഗ ഗോത്രവിഭാഗങ്ങളിലെ യുവതീയുവാക്കളെ പങ്കാളികളാക്കാൻ സാധിക്കും.

കൂടാതെ ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്രവിഭാഗങ്ങളെക്കുറിച്ചുള്ള അന്വേഷണം, പഠനം, വിവരശേഖരണം, പരിശീലനം എന്നിവയിലൂടെ ഗോത്രസംസ്കൃതിയുടെ ജൈവമണ്ഡലങ്ങളെക്കുറിച്ചുള്ള ദാർശനികമായ ഉൾക്കാഴ്ച നേടുന്നതിനും, പൊതുസമൂഹത്തിന്റെ നിലനിൽപിന് ആദിവാസി ഗോത്രവിഭാഗങ്ങൾ വഹിക്കുന്ന ജൈവപരമായ പങ്ക് അവർതന്നെ ഗവേഷണത്തിനു വിധേയമായി ഒരു പഠനരേഖ പ്രസിദ്ധീകരിക്കുന്നതിനും, ആദിവാസി മേഖലകളെ സ്ത്രീ സൗഹൃദ ഊരുകളാക്കുന്നതിനും, സ്വയം തൊഴിൽ പരിശീലനത്തിലൂടെ അനുബന്ധ വരുമാന മാർഗ്ഗമുണ്ടാക്കുന്നതിനും ഗോത്ര രശ്മി പദ്ധതി ഉതകുന്നതാണ്.

10. <u>മില്ലറ്റ് വില്ലേജ് - അട്ടപ്പാടി</u>

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

11. <u>പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം</u>:

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിൽ ഗണ്യമായ കൃഷി ഭൂമി നിലവിലുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക അനുബന്ധ മേഖലകൾ വികസിപ്പിക്കുന്നതിനുള്ള 2019-20 - ൽ ***"പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം"*** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ **"നമത്ത് വെള്ളാമെ"** എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതി പ്രകാരം 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിയ്ക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു.

2020-21 മുതൽ മറ്റ് ജില്ലകളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് സെൻർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന ...

ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 100 ലക്ഷം രൂപ അനുവദിച്ച് പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

12. **<u>കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി:</u>** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് മുഖേന ആരംഭിച്ച കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽകൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള, ശാക്തീകരണ ജീവനോപാധി പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട സഹായം നൽകുക, പുതുതായി ആരംഭിക്കുന്ന അയൽകൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവിലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയം സഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുവാൻ കഴിഞ്ഞു.

13. **<u>മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ</u>**

2016-17 മുതൽ മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട, കോട്ടയം എന്നീ ജില്ലകളിൽ മിൽമ മുഖേന ക്ഷീരവികസനവുമായി ബന്ധപ്പെട്ട് 1568.75 ലക്ഷം രൂപ ചെലവഴിച്ച് 645 പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾ നൽകാൻ കഴിഞ്ഞു.

14. **<u>കരിയർ ഗൈഡൻസ് ജോബ് ഫെയർ:</u>** 2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 - ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.

15. **<u>അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:</u>** 2018-19 -ൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ **വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം** നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിന് അട്ടപ്പാടിയിൽ 291 പട്ടികവർഗ്ഗ യുവതികൾക്ക് പരിശീലനം നൽകുകയും ഇവർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് വസ്ത്രനിർമ്മാണ ഫാക്റി ***അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്*** എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2019-20 അധ്യയന വർഷത്തിലെ വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യൂണിഫോമും നൈറ്റ് ഡ്രെസുകളും ഇവിടെ തുന്നുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ 2020-21 വർഷം പദ്ധതിയുടെ രണ്ടാം ഘട്ടം എന്ന നിലയിൽ വയനാട്. തിരുവനന്തപുരം എന്നീ ജില്ലകളിൽ 350 പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണ പരിശീലന പരിപാടിയ്ക്കായി (അപ്പാരൽ പാർക്ക് ) 673.49 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി ആരംഭിച്ചു.

16. **ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ**

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രസ്തുത സർക്കാർ / സ്വകാര്യതൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള 16

പിന്നോക്കം നിൽക്കുന്ന 22 പട്ടികവർഗ്ഗ യുവാക്കൾക്ക് വിദേശത്ത് വിവിധ കമ്പനികളിൽ പ്ലെയ്സ്മെന്റ് നേടുവാൻ കഴിഞ്ഞു. ഇതിന്റെ യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകുന്നു.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ ബാങ്ക് പ്രവേശനാ പരിശീലനങ്ങൾ റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തൊഴിൽ പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചുകളിൽ തൊഴിലരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

പോലീസിലും എക്സൈസിലും 100 പട്ടികവർഗ്ഗയുവതീയുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്.

മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികളിൽ പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകളിൽ മതിയായ യോഗ്യതയുണ്ടായിട്ടും ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷയിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കുകയും ഗവ.ലോ കോളേജുമായി ചേർന്നുകൊണ്ട് എൽ.എൽ.ബി പാസ്സായ 7 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.

വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ 2745 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് താത്കാലിക നിയമനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.ഭിച്ചിട്ടുണ്ട്.

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u> :- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നീ പദ്ധതികളിൽഉൾപ്പെടുത്തി സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 17.94 കോടിരൂപ ചെലവഴിച്ച് വൈദ്യുതീകരിക്കാത്ത എല്ലാ പട്ടികവർഗ്ഗ ഊരുകളിലും ഭവനങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

<u>കുടിവെള്ളം</u>: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കോളനി വികസന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയ്ക്കുപുറമെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 4.98 കോടി രൂപ ചെലവഴിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കി.

<u>ശുചിത്വം</u> ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് അനുവദിക്കുന്ന വീട് നിർമ്മാണത്തോടൊപ്പം കക്കൂസ്ഉൾപ്പെടെ നൽകാറുണ്ട്. എന്നാൽ എറണാകുളം ജില്ലയിൽ ഉപയോഗ ശൂന്യമായ കക്കൂസുകൾക്കുപകരം ശുചിത്വമിഷനുമായിചേർന്ന് 224 ശുചിത്വ കക്കൂസുകൾ നിർമ്മിക്കുന്നതിനായി 0.67 കോടി രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി

<u>കമ്മ്യൂണിറ്റി ഹാൾ:</u> ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ ജില്ലകളിൽ പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ [illegible] കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി.

**അടിസ്ഥാന സൗകര്യങ്ങളായ റോഡ്, പാലം, കലുങ്ക്:-** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷംനാളിതുവരെ റോഡ്, പാലം, കലു്് നിർമ്മാണം എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിനും, നവീകരണത്തിനുമായി 32.81 കോടി രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവര ശേഖരണം:** കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് ആസൂത്രണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആരംഭിച്ച "ഇ-സർവ്വേ" പൂർത്തീകരണഘട്ടത്തിലാണ്. 4,84,204 പേരുടെ വ്യക്തിഗത വിവരങ്ങൾ നാളിതുവരെ ശേഖരിക്കുകയും ആയതിന്റെ സൂക്ഷ്മതലപരിശോധന രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6868 കോളനികളിൽ 6507 കോളനികളുടെ വിവര ശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്.

**സർവ്വീസ് പ്ലസ് (ഇ- സർവ്വീസ്):-** പട്ടികവർഗ്ഗക്കാരുടെ വ്യക്തിഗത ആനുകൂല്യങ്ങൾ വേഗത്തിലും നേരിട്ട് അവരുടെ കൈകളിൽ എത്തുന്നതിനുള്ള ഒരു സേവനമാണ് ഇതിലൂടെ പ്രധാനം ചെയ്യുന്നത്. അപേക്ഷകൾ സമർപ്പിക്കുന്നതിനോ ആനുകൂല്യങ്ങൾ വാങ്ങുന്നതിനോ അപേക്ഷകൻ ഓഫീസിൽ വരേണ്ടതില്ല. ആനുകൂല്യങ്ങൾക്കുള്ള ജാതി വരുമാന സർട്ടിഫിക്കറ്റുകൾക്കായി വില്ലേജ്/ താലൂക്ക് ഓഫീസുകളിൽ അപേക്ഷകൻ പോകാതെ തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ഒരുക്കിയിട്ടുണ്ട്. ആനുകൂല്യങ്ങൾ വീടിനടുത്തുള്ളതും അവരുടെ ബാങ്ക് അക്കൗണ്ടുള്ളതുമായ ബാങ്കിലേയ്ക്ക് നിക്ഷേപിക്കപ്പെടുന്നു. ഇതിലൂടെ പട്ടികവർഗ്ഗക്കാർക്ക് അതിവേഗം തന്നെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പു വരുത്തുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടമായി 13 സേവനങ്ങൾ ഇപ്രകാരം നൽകുന്നതിന് തയ്യാറായി വരുന്നു.

14/1/21

സെക്ഷൻ ഓഫീസർ

| | |
|---|---|
| 45 | LAND REVENUE DEPARTMENT |
| 46 | LAW DEPARTMENT |
| 47 | LEGAL METROLOGY DEPARTMENT |
| 48 | LOCAL FUND AUDIT DEPARTMENT |
| 49 | LSGD ENGINEERING WING |
| 50 | MEDICAL EDUCATION (DME) |
| 51 | MINING & GEOLOGY |
| 52 | MINORITY WELFARE DEPARTMENT |
| 53 | MOTOR VEHICLES DEPARTMENT |
| 54 | MUSEUM & ZOO |
| 55 | NATIONAL EMPLOYMENT SERVICE |
| 56 | NATIONAL CADET CORPS - NCC |
| 57 | PANCHAYAT DEPARTMENT |
| 58 | POLICE DEPARTMENT |
| 59 | KERALA STATE MARITIME BOARD |
| 60 | PRINTING DEPARTMENT |
| 61 | PRISONS DEPARTMENT |
| 62 | PUBLIC LIBRARY |
| 63 | PUBLIC RELATIONS (I&PRD) |
| 64 | PUBLIC SERVICE COMMISSION |
| 65 | PUBLIC WORKS DEPARTMENT |
| 66 | REGISTRATION DEPARTMENT |
| 67 | RURAL DEVELOPMENT (CRD) |
| 68 | SAINIK WELFARE DEPARTMENT |
| 69 | SC DEVELOPMENT DEPARTMENT |
| 70 | ST DEVELOPMENT DEPARTMENT |
| 71 | SOCIAL JUSTICE DEPARTMENT |
| 72 | SOIL SURVEY & SOIL CONSERVATION |
| 73 | SPORTS & YOUTH AFFAIRS |
| 74 | STATE LAND USE BOARD |
| 75 | STATE PLANNING BOARD |
| 76 | STATE WATER TRANSPORT |
| 77 | STATIONERY DEPARTMENT |
| 78 | SUBORDINATE JUDICIARY |
| 79 | SURVEY AND LAND RECORDS |
| 80 | TOURISM DEPARTMENT |
| 81 | TOWN & COUNTRY PLANNING |
| 82 | TREASURY DEPARTMENT |
| 83 | TECHNICAL EDUCATION DEPT. |
| 84 | URBAN AFFAIRS DEPARTMENT |
| 85 | VIGILANCE INVESTIGATION (VACB) |
| 86 | VOCATIONAL HIGHER SECONDARY |
| 87 | WOMAN AND CHILD DEVELOPMENT |
| 88 | KERALA LOK AYUKTA |

| | |
|---|---|
| 89 | LAW COLLEGES |

Programme 3

| SL.No | Course name |
|---|---|
| 1 | Pipe Fabricator |
| 2 | Indusrial technician |
| 3 | Tig and Arc Welding |
| 4 | Tig and Arc Welding |
| 5 | Diploma in Auto diagnosis & repair |
| 6 | Advanced Automobile Engineering |
| 7 | Certificate Course in Tinkering & Painting |
| 8 | One Year Diploma in Travel & Tourism |
| 9 | Auto diagnosis & repair |
| 10 | Basic automotive servicing (2 wheeler) |
| 11 | Basic automotive servicing (4 wheeler) |
| 12 | Tinkering and painting |
| 13 | Dealership Executive |
| 14 | Food and Beverage Services Management |
| 15 | Certificate in food production |
| 16 | Graphic &Web Designing |
| 17 | Video Production |
| 18 | Visual Effects(Post production) |
| 19 | Desktop Engineering and Network Fundamental |
| 20 | Geriatric Aide HSS/Q6001 |
| 21 | Pharmacy Assistant HSS/Q5401 |
| 22 | Customer Care Executive/BPO |
| 23 | CNC Operator |
| 24 | Job Oriented Certificate programs in Precision |

| | |
|---|---|
| 25 | Job Oriented Diploma Courses ( 3 Yr) in Tool & Die Making/ |
| 26 | 1. Electronic Through Hole Assy& |
| 27 | 2. Machinist -Conventional Milling & |
| 28 | 3.Electrician -Multiskill Electrical Technician |
| 29 | 4.Fitter_ Mechanical Assy & fabrication |
| 30 | 5. Machinist_ Conventional Turning & CNC Operator |
| 31 | Diploma in Computer Application |
| 32 | Ayurveda Panchakarmma |
| 33 | Organic Farming |
| 34 | Housekeeping Attendant |
| 35 | Food & Beverage Steward |
| 36 | Housekeeping Attendant |
| 37 | Food & Beverage Steward |
| 38 | Food Production Trainee & Graphic Design |
| 39 | House Keeping Attendent, Front Office Associate & |
| 40 | Technical Skill Development Programme in Plastic Product |
| 41 | CMD (first phase) |
| 42 | CMD (second phase) |
| 43 | Apparal Park (first phase) |
| 44 | Apparal Park (second phase) |
| 45 | Apparal park |
| 46 | Quantity survevior |

നിയമസഭാ ലൈബ്രേറിയൻ